# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAKLM/P6/1433/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/10/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAKLM/P6/1433/2023 തീയ്യതി: 05/10/2023

## കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2022 മുതൽ 10-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-09-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2023 | 31-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.സിജാറാണി.എസ്,ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി ജി., അസ്സി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഹർഷ. എൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജെസ്സി റോയി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ് കുമാർ ആർ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീമതി വീണ എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 16-10-2022 |
| ശ്രീ. സുരേഷ് കുമാർ. വി | സെക്രട്ടറി | 17-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി വീണ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. സൈജു. ഒ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 13-09-2022 |
| ശ്രീമതി. ശാന്തി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 14-09-2022 | 31-03-2023 |
| ഡോ. മിനികുമാരി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 16-04-2022 |
| ഡോ. അനുപമ ദേവ്.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 17-04-2022 | 31-03-2023 |
| ഡോ. വിപിൻ. എ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 01-04-2022 | 25-04-2022 |
| ഡോ. ഡാലി.എസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി.) | 26-04-2022 | 31-03-2023 |
| ശ്രീമതി ബീന.ജി.ആർ | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി ശശികല.എസ്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-05-2022 |
| ശ്രീ. മനോജ്. ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2022 | 23-06-2022 |
| ശ്രീ. മനേഷ്.എം.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 24-06-2022 | 31-03-2023 |
| ശ്രീമതി.വിനീത ജോൺ ജേക്കബ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ദിവ്യ.എസ്.എൽ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മനോജ് കുമാർ .എം | വി.ഇ.ഒ. | 01-04-2022 | 12-08-2022 |
| ശ്രീ. ആദർശ് മോഹൻ | വി.ഇ.ഒ. | 13-08-2022 | 31-03-2023 |
| ശ്രീ. എം. പ്രദീപ് കുമാർ | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി.സോഫ്ജി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 13-12-2022 |
| ശ്രീ. അശോകൻ | ഫിഷറീസ് ഇൻസ്പെക്ടർ | 14-12-2022 | 31-03-2023 |
| ശ്രീമതി ജയ എം. എ | MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ | 01-04-2022 | 30-01-2023 |
| ശ്രീ. വിനോദ് കുമാർ | അക്രഡിറ്റഡ് എഞ്ചിനീയർ - ഇൻ-ചാർജ് | 31-01-2023 | 15-03-2023 |
| ശ്രീമതി ആരതി. എ. ആർ | MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ | 16-03-2023 | 31-03-2023 |
| ഡോ. മാലിനി കെ. | വെറ്ററിനറി സർജൻ | 01-04-2022 | 29-01-2023 |
| ഡോ. അപ്സര റ്റി. | വെറ്ററിനറി സർജൻ | 30-01-2023 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കേറ്റ് | 1-1 |
| 2 | മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-1 |
| 3 | 2021-22 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത നീക്കിയിരിപ്പ് തുകകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-2 |
| 4 | ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-3 |
| 5 | ബാലൻസ് ഷീറ്റ് B1 - പഞ്ചായത്ത് ജനറൽ ഫണ്ട് - ബാധ്യത നിർണ്ണയിച്ചിരിക്കുന്നതിന്റെ കൃത്യത ബോധ്യപ്പെടുന്നില്ല. | 1-1-4 |
| 6 | ഗുണഭോക്തൃവിഹിതം ഇനത്തിൽ ഉള്ള ചെലവ് വാർഷികകണക്കിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-9 |
| 11 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-11 |
| 13 | രസീത് ന**ൽ**കാതെ കളക്ഷ**ൻ** നടത്തുന്നു | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട്-വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമ പദ്ധതികൾ | 1-7 |
| 20 | ക്യാഷ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-10 |
| 23 | പഞ്ചായത്ത് ഫണ്ടി**ൽ** നിലനി**ൽ**ക്കുന്ന തുകക**ൾ** ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാ**ൻ**സ്ഫ**ർ** ചെയ്തില്ല. | 1-11 |
| 24 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല | 1-12 |
| 25 | ലൈസ**ൻ**സ് എടുക്കാതെ സ്ഥാപനങ്ങ**ൾ** പ്രവ**ർ**ത്തിക്കുന്നു. | 1-13 |
| 26 | മണ്ണ് ലേലം നടത്തുന്നതിനുള്ള തുട**ർ**നടപടിക**ൾ** അനിവാര്യം | 1-14 |
| 27 | ബെയ്ലിംഗ് മെഷീൻ പ്രവർത്തനമാരംഭിച്ചില്ല | 1-15 |
| 28 | 'ലൈഫ് ഭവനനിർമ്മാണം' | 1-16 |
| 29 | ഗുണനിലവാര പരിശോധനാ സാക്ഷ്യപത്രമില്ലാതെ കുറഞ്ഞ നിരക്കിലുള്ള ഉപകരണം ഒഴിവാക്കി ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തി | 1-17 |

| | | |
|---|---|---|
| 30 | ഭവന പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-18 |
| 31 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് ജനറൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 1-19 |
| 32 | വാടക കുടിശ്ശിക ഈടാക്കിയില്ല | 1-20 |
| 33 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടക | 1-21 |
| 34 | കെട്ടിട നമ്പർ ക്രമമായി അനുവദിച്ചില്ല | 1-22 |
| 35 | സേവനഉപനികുതി ഈടാക്കുന്നതിലൂടെയുള്ള തനതു വരുമാന വർദ്ധനവ്- പരിശോധന | 1-23 |
| 36 | പാലിന് സബ്സിഡി – രേഖകൾ ഹാജരാക്കിയില്ല. 11,445/- രൂപ തടസ്സപ്പെടുത്തുന്നു. | 1-24 |
| 37 | കാലിത്തീറ്റ സബ്സിഡി | 1-25 |
| 38 | മെഡിക്കൽ ഓഫീസർ ഹോമിയോ - 78,540/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല | 1-26 |
| 39 | ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ | 1-27 |
| 40 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല | 1-28 |
| 41 | ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ തൊഴിൽ ചെയ്യുതായി രേഖപ്പെടുത്തി തൊഴിലാളിയ്ക്ക് വേതനം അനുവദിച്ചു | 1-29 |
| 42 | ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-30 |
| 43 | ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല | 1-31 |
| 44 | ഹരിതകർമസേന - പ്രവർത്തനങ്ങൾ - അവലോകനം | 1-32 |
| 45 | തനത് വരുമാനം-അവലോകനം | 1-33 |
| 46 | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ | 1-34 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ തൊഴിലുകൾ ചെയ്യുന്നതായി രേഖപ്പെടുത്തി തൊഴിലാളിക്ക് വേതനം അനുവദിച്ചു – നിരാകരിയ്ക്കുന്ന തുക - 4,150/- രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | അനുബന്ധ പത്രികകൾ |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 27-06-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 30-06-2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 മുൻ വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായി ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം.

| ഇനം | 2021-22 നീക്കിയിരിപ്പ് (₹) | 22-23 മുന്നിരിപ്പ് (₹) |
|---|---|---|
| Accumulated Depreciation - Roads And Bridges | 0 | 2873315/- |
| Accumulated Depreciation - Water Ways | 0 | 590219/- |
| Accumulated Depreciation - Public Lighting | 0 | 281390/- |
| Accumulated Depreciation - Plant And Machinery | 0 | 82000/- |
| Accumulated Depreciation - Vehicles | 0 | 404793/- |
| Accumulated Depreciation - Office And Popular Equipement | 0 | 391972/- |
| Accumulated Depreciation - Furniture, Fixtures Fittings, Electrical Appliances | 0 | 711641/- |
| Accumulated Depreciation - Other Fixed Assets | 0 | 298788/- |

2021-22 വാർഷിക കണക്കുകളുടെ ട്രയൽ ബാലൻസ് പ്രകാരം Accumulated Depreciation എന്ന ഹെഡിൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല. എന്നാൽ 2021-22 വാർഷിക കണക്കുകളുടെ ബാലൻസ് ഷീറ്റ് പ്രകാരം Accumulated Depreciation എന്ന ഹെഡിൽ നീക്കിയിരിപ്പ് ഉണ്ട്. സാങ്കേതിക തകരാറാണ് എന്ന വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്.

### 1-1-2 2021-22 ലെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യത നീക്കിയിരിപ്പ് തുകകൾ തൻവർഷത്തെ ട്രയൽ ബാലൻസിൽ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.

| ഇനം | 2021-22 നീക്കിയിരപ്പ് (₹) | 22-23 മുന്നിരിപ്പ് (₹) |
|---|---|---|
| Excess Of Income Over Expenditure | 24228941/- | 25898713/- |

### 1-1-3 ബാധ്യതകൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

ജില്ലാ പഞ്ചായത്തിന് അടയ്ക്കാനുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ വാടക - 21,941/-രൂപ.

സി.എഫ്.സി. അൺടൈഡ് (ബാങ്ക്) - നീക്കുബാക്കി ആയി 53,930/-രൂപ കുറച്ചാണ് ബാലൻസ് ഷീറ്റിലും ബാങ്ക് അക്കൗണ്ടിലും

ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-1-4 ബാലൻസ് ഷീറ്റ് B1 - പഞ്ചായത്ത് ജനറൽ ഫണ്ട് - ബാധ്യത നിർണ്ണയിച്ചിരിക്കുന്നതിന്റെ കൃത്യത ബോധ്യപ്പെടുന്നില്ല.

| | |
|---|---|
| മുൻബാക്കി | ₹2,58,98,713/- |
| നീക്കബാക്കി | ₹2,97,07,058/- |
| വ്യത്യാസം | ₹38,08,345/- |
| Excess Of Income Over Expenditure From Income And Expenditure Statement | ₹19,96,891/- |

### 1-1-5 ഗുണഭോക്തൃവിഹിതം ഇനത്തിൽ ഉള്ള ചെലവ് വാർഷികകണക്കിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്ക് പ്രകാരം ചെലവ് = 6,18,780/-രൂപ.

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥ ചെലവ് = 6,06,000/-രൂപ.

### 1-1-6 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

13-03-2020 ലെ 14785 നമ്പർ ചെക്ക്, തുക 350/-രൂപ 25-03-2023 ൽ ആണ് സ്റ്റെയിൽ ചെക്ക് ആക്കി മാറ്റിയത്.

### 1-1-7 വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

അഡ്വാൻസ് ഡെപ്പോസിറ്റ് രജിസ്റ്റർ

### 1-1-8 രജിസ്റ്ററുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

അസറ്റ് രജിസ്റ്റർ

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ:- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

സംസ്ഥാനാവിഷ്കൃത പെൻഷൻ, തൊഴിൽ രഹിത വേതന തുകകൾ സേവന സോഫ്റ്റ്വെയറുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം ഉള്ള തുക (₹) | യഥാർത്ഥ ചെലവ് സേവന സോഫ്റ്റ്‌വെയർ പ്രകാരമുള്ളത് (₹) |
|---|---|---|
| തൊഴിൽ രഹിത വേതനം | 21,600/- | 10,800/- |
| വികലാംഗ പെൻഷൻ | 77,11,200/- | 38,55,600/- |

### 1-1-10 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ആകെ ക്യാഷ് ഫ്ലോ = 5,57,280/-രൂപ.

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം = 18,19,607/-രൂപ.

### 1-1-11 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

### 1-1-12 രസീത് നൽകാതെ കളക്ഷൻ നടത്തുന്നു

ഓൺലൈൻ കളക്ഷന് രസീത് ഇല്ല.

## 1-2 ബജറ്റ്

21.03.22 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 13.03.23 ലെ II നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,86,02,487/-രൂപ |
| വരവ് | 4,53,25,572/-രൂപ |
| ആകെ | 6,39,28,059/-രൂപ |
| ചെലവ് | 4,35,05,965/-രൂപ |
| നീക്കിയിരിപ്പ് | 2,04,22,094/-രൂപ |

| | |
|---|---|
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലെ നഷ്ടം | 4,150/-രൂപ |
| തടസ്സപ്പെടുത്തിയ തുക | 5,24,135/-രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ടിൽ ഇല്ലാത്തതിനാൽ സാമ്പത്തിക അവലോകനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഫണ്ട്-വിനിയോഗം

| ഫണ്ടിനം | | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | - | 18106000/- | 18106000/- | 16362730/- | 1743270/- |
| വികസന ഫണ്ട്-എസ്.സി.പി | | - | 8667000/- | 8667000/- | 8546856/- | 120144/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺടൈഡ്(ട്രഷറി) | | - | - | - | - | - |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ്(ട്രഷറി) | | - | 1834819/- | 1834819/- | 773688/- | 1061131/- |
| മെയിന്റനൻസ്, റോഡ് | | | 7425000/- | 7425000/- | 4232355/- | 3192645/- |
| മെയിന്റനൻസ്, നോൺ-റോഡ് | | | 5798000/- | 5798000/- | 3967797/- | 1830203/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺടൈഡ്(ബാങ്ക്) | 2021-22 RP 40(b) പ്രകാരം | 22331/- | 3118903/- | 3141234/- | 2998903/- | 142331/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ് (ബാങ്ക്) | | 2760483/- | 4381000/- | 7141483/- | 3531026/- | 3610457/- |
| ക്യാപ്പിറ്റൽ ഫണ്ട് | | 50000/- | - | 50000/- | - | 50000/- |
| റ്റി.എസ്.സി | | 723950/- | 573000/- | 1296950/- | 573000/- | 723950/- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | 2297/- | 1103234/- | 1105531/- | 1105000/- | 531/- |
| ICDS | | 412378/- | 1396000/- | 1808378/- | 658598/- | 1149780/- |
| ശുചിത്വ മിഷൻ | | 1249980/- | 0 | 1249980/- | 969579/- | 280401/- |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | 0 | 4800000/- | 4800000/- | 3515440/- | 1284560/- |
| പി.എച്ച്. സി.ഇൻഫ്രാസ്ട്രക്ച്ചർ | | 0 | 324886/- | 324886/- | 281523/- | 43363/- |
| സബ്സെന്റർ | | 0 | 148160/- | 148160/- | 139566/- | 8594/- |
| Liberary Grant | | 8240/- | 19765/- | 28005/- | 19765/- | 8240/- |
| മറ്റു വരവുകൾ | | - | 124309/- | 124309/- | 124309/- | - |
| മറ്റു ലൈബ്രറി ഗ്രാന്റ് | | 20050/- | - | 20050/- | - | 20050/- |

സി.എഫ്.സി. അൺടൈഡ് (ബാങ്ക്) - നീക്കബാക്കി ആയി 53,930/-രൂപ കുറച്ചാണ് ബാലൻസ് ഷീറ്റിലും ബാങ്ക് അക്കൗണ്ടിലും ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 172311732/- | 145 | 60861414/- | - | 47 | 76% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2297/- | 1103234/- | 1105531/- | 1105000/- | 531/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 44011000/- | 44011000/- | 44011000/- | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|

| | |
|---|---|
| തൊഴിൽരഹിത വേതനം | 10,800/- |
| കർഷകതൊഴിലാളി പെൻഷൻ | 17,80,800/- |
| വിധവാപെൻഷൻ | 1,10,47,700/- |
| വാർദ്ധക്യകാലപെൻഷൻ | 2,03,78,300/- |
| വികലാംഗപെൻഷൻ | 38,55,600/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,44,200/- |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 2,10,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2023 ൽ 3.00 PM ന് സ്ഥാപന സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,065/-രൂപയുടെ ക്യാഷ് ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS രസീത് നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് മേൽനോട്ടച്ചുമതലയുള്ളവർ പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. വാങ്ങലുകൾ പർച്ചേസിംഗ്/പ്രൊക്യൂമെന്റ് കമ്മിറ്റികളുടെ ചുമതലയിൽ നിർവ്വഹിക്കുന്നുണ്ട്.

ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പ് അന്തിമമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു .
1. വിദഗ്ധരുടെ ഗുണനിലവാര പരിശോധന സാക്ഷ്യപത്രമില്ലാതെ കുറഞ്ഞ നിരക്കിലുള്ള ഉപകരണം ഒഴിവാക്കി ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തി (ഖണ്ഡിക 1-17 കാണുക).
2. കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് ജനറൽ – തുക വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല (ഖണ്ഡിക 1-19 കാണുക).
3. ദേശീയ തൊഴിലുറപ്പ് പദ്ധതി – രേഖകൾ സൂക്ഷിക്കുന്നതിലും നിവ്വഹണത്തിലും അപാകതകൾ (ഖണ്ഡിക 1-27 കാണുക).
4. ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല (ഖണ്ഡിക 1-31 കാണുക).
5. ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളികൾക്ക് വേതനം അനുവദിച്ചു (ഖണ്ഡിക 3-1 കാണുക).

പദ്ധതി നടത്തിപ്പിൽ വർക്കിംഗ് കമ്മിറ്റികൾ മോണിറ്ററിംഗ് നടത്തുന്നില്ല.
തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികളുടെ നിർവ്വഹണം കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും (മരാമത്ത് ഒഴികെ) വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയതിന് രേഖയില്ല.
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രാപ്തമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.12.22 | 07/22 To 09/22 | 08.12.22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2018 To 11.09.2018 | 2013-14 To 2017-18 | 10.11.18 |

## 1-11 പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തില്ല.

പഠനമുറിയ്ക്ക് അഡ്വാൻസ് നൽകിയ തുക, വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയ തുക എന്നിവ ബന്ധപ്പെട്ടവർ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയിട്ടുണ്ട്. ഇവ അതാത് അക്കൗണ്ടിലേയ്ക്ക് നാളിതുവരെ ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഒടുക്കിയ ആൾ | ഇനം | തുക ട്രാൻസ്ഫർ ചെയ്യേണ്ട ഫണ്ടിനം | തുക (₹) |
|---|---|---|---|---|
| 1 | അമ്പിളി. കെ.ബി | പഠനമുറിയ്ക്ക് അഡ്വാൻസ് നൽകിയത് | എസ്.സി. പി | 25,000/- |
| 2 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | വാട്ടർ അതോറിറ്റിയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ നൽകിയത് | | 9,43,347/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ തുകകൾ ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം : 13/29.07.2023.

## 1-12 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
(1) 2022-23 ലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1) ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കൊട്ടറ ക്ഷീരസഹകരണ സംഘം | I&II |
| 2 | ചെങ്കുളം ക്ഷീരസഹകരണ സംഘം | I&II |
| 3 | മൈലോട് ക്ഷീരസഹകരണ സംഘം | I&II |
| 4 | മരുതമൺ പള്ളി ക്ഷീരസഹകരണ സംഘം | I&II |

2) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | കൊട്ടറ ക്ഷീരസഹകരണ സംഘം | I&II |
| 2 | ചെങ്കുളം ക്ഷീരസഹകരണ സംഘം | I&II |
| 3 | മൈലോട് ക്ഷീരസഹകരണ സംഘം | I&II |
| 4 | മരുതമൺ പള്ളി ക്ഷീരസഹകരണ സംഘം | I&II |
| 5 | ബി. എസ്. എൻ. എൽ, പൂയപ്പള്ളി | I&II |

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല.
അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും റേഷൻ കടകൾ, ബി. എസ്. എൻ. എൽ. എന്നിവ നികുതി ഒടുക്കുന്നത് സംബന്ധിച്ച് കേസ് നിലനില്ക്കുന്നുണ്ടെന്നും മറുപടി നല്കിയിട്ടുണ്ട്.
കേസിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം : 02/25.07.2023.

## 1-13 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

2022-23 ലെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ പലതും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്/വിലാസം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ടുന്ന വാർഷിക ലൈസൻസ് ഫീസ് (₹) |
|---|---|---|---|---|
| 1 | I/303 | അരുൺ പി. സദൻ, അരുൺ നിവാസ് | തനയ ഓൺലൈൻ ഡിജിറ്റൽ സർവീസ് | 200/- |
| 2 | 2/381 | ലതാകുമാരി പി. എസ്, ശ്രീവിലാസം | എസ്.എസ്. ഫ്ലോർ മിൽ | 350/- |
| 3 | 3/722 | അനിൽ കുമാർ എ, കുന്നവിള വീട് | വിഘ്നേഷ് വിനായക് സ്റ്റോർസ് | 100/- |
| 4 | 7/490 | സന്തോഷ് എസ്, സത്ഗമയ | എസ്.ആർ.സ്റ്റോർ | 100/- |
| 5 | 8/546 | സാജൻ ജേക്കബ്, കൈപ്പള്ളിയഴികത്ത് വീട് | വൈദ്യമിത്ര ഫാർമസ്യൂട്ടിക്കൽസ് | 500/- |
| 6 | 8/87 | ലീല മാത്യു, കൈപ്പള്ളിയഴികത്ത് വീട് | എം.വി.എം. ആയൂർവേദിക് റിസർച്ച് സെന്റർ | 3000/- |

| | | | | |
|---|---|---|---|---|
| 7 | 8/443, 474,475 | മത്തായി കൊച്ചുമ്മൻ, ചാവടിയഴികത്ത് വീട് | ചാവടിയിൽ ജഗോഷ് ഗാർഡൻസ് സർവ്വീസ് വില്ല | 1000/- |
| 8 | 8/291 | അനിത ആർ, പൗർണമി | പൗർണമി ടീ&ഫോട്ടോസ്റ്റാറ്റ് | 100/- |
| 9 | 8/286 | നിഷ, കാർത്തിക | ദീപ്തി അക്വേറിയം | 100/- |
| 10 | 10/360 | ബാബു റ്റി, തെങ്ങുവിള വീട് | തെങ്ങുവിള റബ്ബർ ട്രേഡേഴ്സ് | 100/- |
| 11 | 11/14 | അൻസറുദ്ദീൻ, പുത്തൻകടയിൽ വീട് | നസീല സോഡ | 300/- |
| 12 | 11/261 | ഇ. സൈനലാബ്ദീൻ, റെയ്ഹാൻ മൻസിൽ | എസ്.ആർ.ജ്വവലറി | 500/- |
| 13 | 12/530 | അമ്പിളി, അമ്പിളി വിലാസം | അതുൽ സ്റ്റോർ | 100/- |
| 14 | 12/737 | ടിങ്കു എസ്, പ്രശാന്തി | പ്രശാന്തി മോട്ടോഴ്സ് | 500/- |
| 15 | 12/586 | അനിലാൽ, ഗിരിലാൽ സദനം | അനി ടയർ പാലസ് | 200/- |
| 16 | 14/447 | മറിയാമ്മ ഷാജൻ, നിരപ്പിൽ പുത്തൻ വീട് | നിരപ്പിൽ വെജിറ്റബിൾസ് | 100/- |
| 17 | 14/19 | ഷീല വിജയൻ, കാവുങ്ങൽ മേലത്തിൽ വീട് | കുടുംബശ്രീ കാറ്ററിംഗ് സെന്റർ | 100/- |
| 18 | 14/294 | ജോയ് കെ, പ്രിൻസ് ഭവൻ | ജോയ് എന്റർപ്രൈസസ് | 200/- |
| 19 | 14/567 | ഡിൻഷ എസ്, ദ്വാരക | ഗ്ലോബൽ സ്റ്റീൽ | 100/- |

ഫീൽഡ് സ്റ്റാഫിനെ ചുമതലപ്പെടുത്തി അന്വേഷണം നടത്തി ടി കാലയളവിൽ മേൽ പ്പറഞ്ഞ സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് കാണുന്ന പക്ഷം കുടിശ്ശികയായി ലൈസൻസ് ഫീസ് ഈടാക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 3/25.07.2023.

## 1-14 മണ്ണ് ലേലം നടത്തുന്നതിനുള്ള തുടർനടപടികൾ അനിവാര്യം

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ കൃഷിഭവന്റെ നിർമ്മാണത്തോടനുബന്ധിച്ച് നീക്കം ചെയ്ത 607.897 M3 കരമണ്ണ് 23.04.22 ലെ 7(1)-ാം നമ്പർ തീരുമാനം പ്രകാരം ലേലം നടത്താൻ തീരുമാനിച്ചത് അനുസരിച്ച് 02/06/2022 ന് ലേലം നടത്തിയെങ്കിലും ലേലം കൈക്കൊണ്ട വ്യക്തി ലേലതുക ഒടുക്കാതിരുന്നതിനാൽ പുനർലേല നടപടികൾ സ്വീകരിക്കുകയാണുണ്ടായത്. എന്നാൽ നാളിതുവരെ പുനർലേലം നടത്തിയിട്ടില്ല. പുനർലേലം നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കരമണ്ണ് പുനർലേലം നടത്തുന്നതിനുള്ള തുടർനടപടി എന്ന രീതിയിൽ വാല്യൂ കുറവ് ചെയ്യുന്നതിന് പി.ഡബ്ല്യൂ.ഡി. വിഭാഗത്തിലേക്ക് കത്ത് അയച്ചിട്ടുണ്ടെന്ന മറുപടിയാണ് നല്കിയത്. കാലതാമസം കൂടാതെ മണ്ണ് ലേലം നടത്തേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം : 6/27.07.2023

## 1-15 ബെയ്‌ലിംഗ് മെഷീൻ പ്രവർത്തനമാരംഭിച്ചില്ല

പ്രോജക്ട് - 19/23, എം.സി.എഫിലേയ്ക്ക് ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിയ്ക്കായി സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റിൽ നിന്നും 2022-23 ൽ 4,13,000/-രൂപയും തനത് ഫണ്ടിൽ നിന്നും 2023-24 ൽ 1,77,000/-രൂപയും ചെലവഴിച്ചു. എം.സി.എഫിൽ സ്ഥാപിച്ച ബെയ്‌ലിംഗ് മെഷീന് നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ച് പ്രവർത്തനമാരംഭിച്ചിട്ടില്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ തത്സ്ഥിതി വിവരം ആവശ്യപ്പെട്ടപ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി വെളിയം കെ.എസ്.ഇ.ബി. ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും രണ്ട് ദിവസത്തിനുള്ളിൽ കണക്ഷൻ ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്.

നിലവിൽ വൈദ്യുതി ലഭ്യമാക്കി ബെയ്‌ലിംഗ് മെഷീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത മെഷീനിനായി 2022-23 ൽ നടത്തിയ 4,13,000/-രൂപയുടെ ചെലവ് (വൗച്ചർ നം – 22201099/29-03-23) തടസ്സപ്പെടുത്തുന്നു. മെഷീൻ പ്രവർത്തനക്ഷമമാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എഎൻക്വയറി നം 19/31-07-2023.

തടസ്സപ്പെടുത്തിയ തുക – 4,13,000/-രൂപ.

## 1-16 'ലൈഫ് ഭവനനിർമ്മാണം'

'ലൈഫ് ഭവനനിർമ്മാണം' പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ലൈഫ് ഭവനപദ്ധതി – ഭവനനിർമ്മാണം (ജനറൽ)
നിർവഹണം – വി.ഇ.ഒ.
പ്രോജക്ട് നമ്പർ – 85/22-23
അടങ്കൽ തുക : 52,67,307/-രൂപ
ചെലവ് തുക : 35,74,872/-രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഇന്ദിരയമ്മ, ഹരിവിലാസം | 3,60,000/- | പണി തുടങ്ങിയിട്ടില്ല |
| 2 | കുഞ്ഞുകുഞ്ഞുമ്മ, അമേഷ് ഭവൻ | 3,60,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |

*ലൈഫ്ഭവനപദ്ധതി - ഭവനനിർമ്മാണം (എസ്.സി.പി.)

പ്രോജക്ട് നമ്പർ – 86/2021-22
അടങ്കൽ തുക : 1,57,29,169/-രൂപ
ചെലവ് തുക: 73,00,836/-രൂപ

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചന്ദ്രമതി, ചെമ്പോടൻ വിള വീട്, മരുതമൺ പള്ളി | 40,000/- | പണി തുടങ്ങിയിട്ടില്ല |
| 2 | അംബിക, ചരുവിള വീട് | 40,000/- | പണി തുടങ്ങിയിട്ടില്ല |
| 3 | വിമല കുമാരി ബാബു, പറങ്ങോട്ട് വടക്കതിൽ | 40,000/- | പണി തുടങ്ങിയിട്ടില്ല |
| 4 | രാധാമണി സുരേന്ദ്രൻ, പെയ്യവിള വീട് | 3,60,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 5 | മണിലാൽ, കക്കാട്ടു ചരുവിള വീട് | 3,60,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 6 | ഗീതാ കുമാരി, കല്ലുവിള പുത്തൻ വീട് | 3,60,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 7 | ഉഷാ കുമാരി, ചരുവിള പുത്തൻ വീട് | 3,00,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 8 | തങ്കമ്മ, സുനിൽ ഭവൻ | 3,20,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 9 | രാധ, ചരുവിള പുത്തൻ വീട് | 3,60,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 10 | സുധ,മനോജ് ഭവൻ | 3,60,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |
| 11 | കുറുമ്പ തോട്ടുകര വീട് | 3,00,000/- | ലിന്റിൽ വരെ പൂർത്തിയാക്കിയിട്ടുണ്ട് |

* മുൻകൂർ തുക കൈപ്പറ്റിയശേഷം ഇതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളെക്കൊണ്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഗുണനിലവാര പരിശോധനാ സാക്ഷ്യപത്രമില്ലാതെ കുറഞ്ഞ നിരക്കിലുള്ള ഉപകരണം ഒഴിവാക്കി ഉയർന്ന നിരക്കിൽ വാങ്ങൽ നടത്തി

പ്രോജക്ട് - 189/23, തെരുവ് വിളക്കുകളുടെ പരിപാലനം - സാധന സാമഗ്രികൾ വാങ്ങൽ
ഫണ്ട് – തനത് ഫണ്ട്
അടങ്കൽ – 4,90,000/-രൂപ
ചെലവ് – 4,24,547/- (ചെക്ക് നം- 303120/01-09-22, 114496/19-01-23, 129816/28-03-23)
നിർവ്വഹണം - സെക്രട്ടറി

തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി നടത്തിയ ടെണ്ടറിൽ പെൻഡന്റ് ഹോൾഡർ എന്ന ഇനത്തിൽ നോർമൽ തരത്തിന് ഒന്നിന് 13/-രൂപയും ANCHOR ബ്രാൻഡിലുള്ള പെൻഡന്റ് ഹോൾഡറിന് 28/-രൂപയും ക്വാട്ട് ചെയ്ത എസ്.കെ. ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിനെയാണ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി പഞ്ചായത്ത് ഭരണസമിതി തെരെഞ്ഞെടുത്തിരുന്നത് (06-08-22 ലെ 3(1) നമ്പർ തീരുമാനം).

ANCHOR ബ്രാൻഡിലുള്ള പെൻഡന്റ് ഹോൾഡറിന് ഗുണനിലവാരമുള്ളതാണെന്ന് പ്രോക്യൂർമെന്റ് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 28/-രൂപ നിരക്കിൽ പെൻഡന്റ് ഹോൾഡർ വാങ്ങി. എന്നാൽ പ്രോക്യൂർമെന്റ് കമ്മിറ്റിയിൽ പെൻഡന്റ് ഹോൾഡറിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷമതയുള്ള ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടില്ല. ഗുണനിലവാരം പരിശോധിച്ച് നിർണ്ണയിക്കുന്നതിന് ചുമതലപ്പെട്ടവരുടെ സാക്ഷ്യപത്രമില്ലാതെ കുറഞ്ഞ നിരക്കിലുള്ള പെൻഡന്റ് ഹോൾഡർ ഒഴിവാക്കിയ നടപടി അംഗീകരിക്കത്തക്കതല്ല.

46/19-08-22, 78/12-12-22, 94/16-03-22 നമ്പർ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 1000 എണ്ണം, 350 എണ്ണം, 60 എണ്ണം എന്നിങ്ങനെ ആകെ 1410 പെൻഡന്റ് ഹോൾഡറുകൾ 28/-രൂപ നിരക്കിൽ വാങ്ങിയത് മൂലം ആകെ 21,150/-രൂപ അധികം ചെലവഴിച്ചിരിക്കുന്നു ((28-13)* 1410).

വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ കുറഞ്ഞ നിരക്കിലുള്ള പെൻഡന്റ് ഹോൾഡർ ഒഴിവാക്കി ഉയർന്ന നിരക്കിലുള്ളത് വാങ്ങിയത് മൂലം നടത്തിയ അധിക ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 19/31-07-2023.
തടസ്സപ്പെടുത്തിയ തുക – 21,150/-രൂപ.

## 1-18 ഭവന പുനരുദ്ധാരണം - പ്രവൃത്തി പൂർത്തീകരിച്ചില്ല

1. ഹൗസ് മെയിന്റനൻസ് - ജനറൽ (പ്രോജക്ട് നമ്പർ - 6) പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തി നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | റോയി എ. ജെ., ലാലി ഹൗസ്, മരുതമൺ പള്ളി | 25,000/- | പണി തുടങ്ങിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഗുണഭോക്താവ് പണി ആരംഭിക്കാനുള്ള നടപടികൾ

സ്വീകരിച്ചിട്ടില്ല എന്നും പഞ്ചായത്തിൽ നിന്നും മൂന്ന തവണ കത്തയച്ചവെങ്കിലും ഭവനപുനരുദ്ധാരണം സംബന്ധിച്ച് ഒരു നീക്കവും ഉണ്ടാകാത്തതിനെ തുടർന്ന് റവന്യൂ റിക്കവറിക്കുള്ള നടപടി സ്വീകരിക്കാനായി പഞ്ചായത്ത് കമ്മിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2. ഹൗസ് മെയിന്റനൻസ് - എസ്.സി.പി. (പ്രോജക്ട് നമ്പർ - 183 ) പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ പണി പൂർത്തീകരിച്ച് രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ആയതിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ആകെ നൽകിയ തുക (₹) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ശാന്ത സി, വേങ്ങവിള വീട് | 25,000/- | പണി തുടങ്ങിയിട്ടില്ല |
| 2 | രാജു പി, രാകേഷ് ഭവൻ | 25,000/- | പണി തുടങ്ങിയിട്ടില്ല |
| 3 | ആശ പി. ബി, പറങ്ങോട് ചരുവിള വീട് | 25,000/- | പണി തുടങ്ങിയിട്ടില്ല |
| 4 | നാണി, പറങ്ങോട് ചരുവിള വീട് | 25,000/- | പണി തുടങ്ങിയിട്ടില്ല |
| 5 | സുനിത ബി, അമൽ മന്ദിരം | 25,000/- | പണി തുടങ്ങിയിട്ടില്ല |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഗുണഭോക്താക്കൾ പണി പൂർത്തായാക്കിയിട്ടുണ്ടെന്നും വാല്യുവേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് തുക നൽകുന്നതാണെന്നും അറിയിച്ചു. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 9/29-7-2023.

## 1-19 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് ജനറൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | 50/23 (സ്പിൽ ഓവർ ) |
| പ്രോജക്ട് | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് - ജനറൽ |
| അടങ്കൽ | 50,000/-രൂപ |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| ചെലവ് | 50,000/-രൂപ |
| ബിൽ നമ്പർ | 3/22-23/29-4-22—50,000/-രൂപ<br>(26-3-22/2,50,000/-രൂപ) |

പ്രോജക്ടിനായി മുൻവർഷം (26-3-2022 ന്) പിൻവലിച്ച 2,50,000/- രൂപയും തൻവർഷം (29-4-2022 ന്) ബിൽ നമ്പർ 3/22-23 പ്രകാരം പിൻവലിച്ച 50,000/-രൂപയും ഉൾപ്പെടെ 3,00,000/-രൂപ കുടുംബശ്രീ സി.ഡി.എസിന്റെ 40866354184 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും 13-6-2022 ന് 2,30,000/- രൂപ വിവിധ കുടുംബശ്രീകൾക്കായി നൽകുകയും ചെയ്തു. 18 ഗ്രൂപ്പുകൾക്ക് 10,000/-രൂപാ വീതവും എസ്.സി. വിഭാഗത്തിൽ പെട്ട രണ്ടു ഗ്രൂപ്പുകൾക്ക് 25,000/- രൂപ വീതവും ആകെ 20 ഗ്രൂപ്പുകൾക്കായാണ് ആനുകൂല്യം നൽകിയത്. തദ്ദേശ സ്വയംഭരണ സ്ഥാപനം അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സംരംഭകർ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുത്തി, ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജക്ട് പ്രോപ്പോസൽ നൽകി രജിസ്റ്റർ ചെയ്യണമെന്നാണ് വ്യവസ്ഥ. എന്നാൽ സംരംഭകരുടെ പ്രോജക്ട് പ്രൊപ്പോസലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ട് പ്രോപ്പോസൽ ബാങ്കിൽ നൽകിയിരിക്കുകയാണെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ബാക്കി തുക 70,000/- (3,00,000-2,30,000) രൂപാ നിലവിൽ കുടുംബശ്രീ സി.ഡി.എസിന്റെ 40866354184 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വികസനഫണ്ട് തുക പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഭാവിയിൽ പ്രോജക്ട് പ്രോപ്പോസൽ സമർപ്പിക്കുന്ന യൂണിറ്റുകൾക്ക് തുക നൽകുമെന്നാണ് അറിയിച്ചത്. പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. സംരഭത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഗുണഭോക്താക്കളുമായി കരാറിൽ എർപ്പെട്ട് റിവോൾവിംഗ് ഫണ്ട് നൽകാൻ നടപടി സ്വീകരിക്കണമെന്നാണ് സബ്സിഡി മാർഗ്ഗരേഖയിൽ (സ.ഉ(കൈ) നം. 22/2018/തസ്വഭവ തീ. 14-02-2018) നിർദ്ദേശിച്ചിരിക്കുന്നത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനു മുമ്പായി മുൻകൂർ തുക പിൻവലിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ആയതിനാൽ 29-4-2022 ന് പിൻവലിച്ച 50,000/-രൂപയും 26-3-2022 ന് പിൻവലിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന 20,000/-രൂപയും പിൻവലിച്ച തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള പലിശ സഹിതം തിരിച്ചടച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 4/26.07.2023.

## 1-20 വാടക കുടിശ്ശിക ഈടാക്കിയില്ല

പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന 2 കടമുറികളുടെ തൻവർഷത്തെ വാടക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം. | ഉടമസ്ഥന്റെ പേര്/വിലാസം | മാസവാടക (രൂപ) | കുടിശ്ശിക (രൂപ) |
|---|---|---|---|---|
| 1 | III | സുഭാഷ്, റോഡുവിള പുത്തൻവീട് | 4346/- | 4346*12=52152/- |
| 2 | IV | ഹരീഷ്, ചിറക്കരവീട് | 2291/- | 2291*12=27492/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി III, IV കടമുറികൾ വാടകയ്ക്ക് എടുത്തവരിൽ നിന്ന് വാടക കുടിശ്ശിക ഈടാക്കുന്നതിനായി ആർ ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ആർ ആർ തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 11/29.07.2023.

## 1-21 മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടക

പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 10 ഷെഡുകൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടകയുടെ 40% പഞ്ചായത്തിനും 60% ജില്ലാ പഞ്ചായത്തിനും അർഹതപ്പെട്ടതാണ്. ഈയിനത്തിൽ വൻതുക കുടിശ്ശികയായി നിൽക്കുന്നു. ലഭിക്കാൻ ബാക്കിയുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, വിലാസം | ഷെഡ് നം | കുടിശ്ശിക തുക (₹) | കുടിശ്ശിക കാലയളവ് | തൻ-വർഷ മാസ വാടക (₹) | തൻവർഷ ഡിമാന്റ് (₹) | തൻ-വർഷത്തെ വാടക കുടിശ്ശിക (₹) | ആകെ വാടക കുടിശ്ശിക (₹) | കുടിശ്ശിക ഉൾപ്പെടെ തൻവർഷം ഈടാക്കിയത് (₹) | ഈടാക്കാൻ അവശേഷിക്കുന്ന വാടക കുടിശ്ശിക (₹) |
|---|---|---|---|---|---|---|---|---|---|---|
| 1 | ശ്രീ. ബിനോ ബിജി. റ്റി, തോട്ടത്തിൽ വീട്, ചെങ്കുളം പി.ഒ | 1 | 8317/- | 31.03.22 വരെ | 2183/- | 2183*12 =26196/- | 26196/- | 34513/- | 13098/- | 21415/- |
| 2 | മഹേഷ്, എം.എസ്. ഭവൻ, നിത്യപ്രഭാനഗർ | 3 | 29400/- | 31.03.22 വരെ | 1200/- | 1200*12 =14400/- | 14400/- | 43800/- | - | 43800/- |
| | | 6 | 19800/- | 31.03.22 വരെ | 1200/- | 1200*12 =14400/- | 14400/- | 34200/- | - | 34200/- |
| 3 | 4 & 7 | ശ്രീ. രാജീവ്, രാജീവ് ഭവനം, തൃക്കോവിൽവട്ടം | 34800/- | 31.03.22 വരെ | 1200/- | 1200*12+ 1200*12 = 28800/- | 28800/- | 63600/- | - | 63600/- |
| 4 | 5 | ശ്രീ. ഗണേഷ് കുമാർ, കഴിയത്ത് വീട്, പെരിനാട്. പി.ഒ | 24600/- | 31.03.22 വരെ | 1200/- | 1200*12 = 14400/- | 14400/- | 39000/- | - | 39000/- |
| 5 | 8,9,10 | ശ്രീ. സലിലൻ, ഇന്ദു നിവാസ്, മൈലം കുളം, പുത്തൂർ | 649600/- | 31.03.22 വരെ | 6400/- | 6400*12 =76800/- | 76800/- | 726400/- | - | 726400/- |
| | | | | | | | | | | ആകെ : 928415/- |

കുടിശ്ശിക വരുത്തിയവരുടെ മേൽ 28.02.2023 ന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതും വാടക കുടിശ്ശിക ഒടുക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതുമാണ്. വാടകയുടെ 60% ജില്ലാപഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളും ഹാജരാക്കേണ്ടതാണ്.

2) ഷെഡ് നമ്പർ 2 വാടകയ്ക്ക് എടുത്ത ശ്രീമതി. സതീഭായി, സതീമന്ദിരം, നെട്ടയം പി.ഒ. എന്ന വ്യക്തി 31.03.2018 വരെ വാടക കുടിശ്ശിക ഇനത്തിൽ 3,41,640/- രൂപ ഒടുക്കാൻ ഉള്ളതായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19-ലെ വാടക കുടിശ്ശിക ആയി 14,400/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. 2019-20 മുതൽ വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടിയായി 2018-19 മുതൽ 2022-23 വരെയുള്ള വാടക കുടിശ്ശികയുടെ ഡിമാന്റ് വിവരങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. വാടക, സി.ജി.എസ്.ടി, എസ്.ജി.എസ്.ടി, പിഴപ്പലിശ എന്നിവ ഉൾപ്പെടെ 1,01,688/-രൂപയാണ് 2022-23 വരെയുള്ള കുടിശ്ശിക. കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 12/29.07.2023.

## 1-22 കെട്ടിട നമ്പർ ക്രമമായി അനുവദിച്ചില്ല

2022-23 ൽ പഞ്ചായത്ത് പരിധിയിൽ ഉള്ള കെട്ടിടങ്ങൾക്ക് തുടർച്ചയായി നമ്പർ അനുവദിച്ച് നല്കിയപ്പോൾ, IV-ാം വാർഡിൽ IV/1217 എന്ന നമ്പർ അനുവദിച്ച് നല്കിയില്ല. IV/1216 എന്ന നമ്പർ നല്കിയതിന് ശേഷം IV/1218 എന്ന നമ്പർ ആണ് നല്കിയത്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പഴയ അസ്സസ്മെന്റ് രജിസ്റ്ററിൽ നിന്ന് പുതിയ അസ്സസ്മെന്റ് രജിസ്റ്ററിലേക്ക് മാറിയപ്പോൾ വിട്ടു പോയെന്നാണ് മറുപടി നല്കിയത്. ഇത്തരം വീഴ്ചകൾ ക്രമവിരുദ്ധമായ നടപടികൾക്ക് ഇടയാകുന്ന സാഹചര്യമുണ്ടാകും എന്നതിനാൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 21/31.07.2023.

## 1-23 സേവനഉപനികുതി ഈടാക്കുന്നതിലൂടെയുള്ള തനതു വരുമാന വർദ്ധനവ്- പരിശോധന

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക്, ഡ്രെയിനേജ് എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപ്പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം

ചുമത്താവുന്ന സേവന ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപ്പഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കാവുന്നതാണ്. 2022-23 ൽ ആകെ 43,84,587/-രൂപ വസ്തുനികുതി ഇനത്തിൽ (കറണ്ട് & അരിയർ ഉൾപ്പടെ, ലൈബ്രറി സെസ്സ് ഒഴികെ) ഈടാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കിയാൽ തന്നെയും 4,38,458/-രൂപ ഈ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പുതിയ ധനാഗമ മാർഗ്ഗം എന്ന നിലയിൽ ഭരണസമിതി തീരുമാനം എടുത്ത് സേവന ഉപനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

## 1-24 പാലിന് സബ്സിഡി – രേഖകൾ ഹാജരാക്കിയില്ല. 11,445/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 33/23
നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ
പദ്ധതി അടങ്കൽ = 2,60,566/-രൂപ
ഫണ്ടിനം: പൊതുവിഭാഗം = 22,850/-രൂപ
ജില്ലാ പഞ്ചായത്ത് = 2,37,716/-രൂപ
ചെലവ്= 22,850/-രൂപ (ബിൽ നം. 1/27.06.22)

ക്ഷീര സംഘങ്ങളിൽ ക്ഷീരകർഷകർ അളക്കുന്ന പാലിന്റ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ്, ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കേണ്ടത്. താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സബ്സിഡി വിതരണം ചെയ്യുന്നതിന് ആധാരമാക്കിയ ക്ഷീരകർഷകർ അളക്കുന്ന പാലിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ബിൽ വിശദാംശം | ഹാജരാക്കാത്ത രേഖ |
|---|---|---|
| 1 | 1/27.06.22 | 10 പേർക്ക് 22,850/- രൂപ വിതരണം ചെയ്തു. പാൽ അളവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്തവരുടെ വിവരം ചുവടെ ചേർക്കുന്നു.<br>ക്രമ നമ്പർ 3 സുനിൽ എ.എം. – 2800/-<br>ക്രമ നമ്പർ 5 അലക്സ് മാത്യൂ – 2800/-<br>ക്രമ നമ്പർ 7 സിജി ബൈജു- 5845/- |

മേൽ വ്യക്തമാക്കിയ കാരണത്താൽ 11,445/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തിയ തുക – 11,445/-രൂപ.
ഓഡിറ്റ് എൻക്വയറി നം : 20/31.07.2023

## 1-25 കാലിത്തീറ്റ സബ്സിഡി

| | |
|---|---|
| പ്രോജക്ട് | കാലിത്തീറ്റ സബ്സിഡി |
| പ്രോജക്ട് നമ്പർ | 34/23 |
| അടങ്കൽ | ₹9,10,790/- |
| ചെലവ് | ₹4,10,790/- |
| ബിൽ നമ്പർ/തീയതി | ₹3,36,815/- (3/02.08.22)<br>₹73,975/- (2/02.08.22) |

കറവ പശുക്കൾക്ക് കാലിത്തീറ്റ എന്ന പ്രോജക്ട് പ്രകാരം 2 ബില്ലുകളിൽ ആയി 4,10,790/- രൂപ കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും ഓഡിറ്റിന് ലഭ്യമാക്കിയ ടാക്സ് ഇൻവോയിസ് പ്രകാരം 8,28,520/- രൂപയുടെ കാലിത്തീറ്റയ്ക്ക് നൽകേണ്ട സബ്സിഡി 4,14,260/- രൂപയും നൽകിയ സബ്സിഡി തുക 4,10,790/- രൂപയുമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം : 20/31.07.2023

## 1-26 മെഡിക്കൽ ഓഫീസർ ഹോമിയോ - 78,540/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ , ഹോമിയൊ നിർവ്വഹണം നടത്തിയ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിൽ അടവാക്കിയ 2,00,000/-രൂപയിൽ 78,540/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | നൽകിയ തുക (രൂപ) | ബില്ല് നം/തീയതി | പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 148/2022-2023 (മെയിന്റനൻസ് ഫണ്ട് -റോഡ് ഇതരം) | 2,00,000/- | ബിൽ നം. 01/12.08.2022 | PF 116/ 16.07.2022 | 1,21,460/- | 78,540/- |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 78540/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തിയ തുക - 78540/-രൂപ

## 1-27 ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലും രേഖകൾ സൂക്ഷിക്കുന്നതിലും അപാകതകൾ

2022-23 ൽ 1718 കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും ആകെ 87,685 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 367 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 4,40,38,271/- രൂപ ചെലവ് ചെയ്തതിൽ ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും തുക വിനിയോഗിച്ചത്.

പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ രേഖപ്പെടുത്തുന്നു.
1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു .
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ നിന്നും സാക്ഷ്യപ്പെടുത്തി വാങ്ങി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല. ലൈഫ് ഭവന നിർമ്മാണത്തിന്റെ ഘട്ടങ്ങൾ സംബന്ധിച്ച സാക്ഷ്യപത്രം വി.ഇ.ഒ.മാരിൽ നിന്നും തൊഴിലുറപ്പ് വിഭാഗം ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തുന്നില്ല. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.
6. നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് 31.03.2012- ലെ (കൈ) 93/2012/ത.സ്വ.ഭവ. നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിയ്ക്കുന്നില്ല. തൻവർഷത്തെ മെറ്റീരിയൽ സപ്ലൈ നടത്തുന്നതിന് ഒരോ പ്രവൃത്തിയ്ക്കും പ്രത്യേക ടെണ്ടറുകൾ ക്ഷണിച്ച് വാങ്ങലുകൾ നടത്തിയതിനാൽ നാമമാത്ര കിഴിവിലാണ് ടെണ്ടറുകൾ അംഗീകരിച്ചിട്ടുള്ളത്. മെറ്റീരിയൽ സപ്ലൈയർമാരുടെ ബില്ലിൽ നിന്നും 2022-23 ൽ റ്റി. ഡി. എസ് പിടിച്ചില്ല (ഖണ്ഡിക 1-31 കാണുക). സിമന്റിന് മാർക്കറ്റ് റേറ്റ് നിശ്ചയിച്ചിട്ടില്ല.
7. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
8. പ്രവൃത്തിയുടെ ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയെന്നും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചു എന്നും ഉറപ്പാക്കുന്നതിന് കഴിയുന്നില്ല. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.
9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
10. വർക്ക് കോഡ് - ഐ.എഫ്.666997 ; പ്രവൃത്തി - കിണർ നിർമ്മാണം ; വാർഡ് 1 - ശ്രീ. കുഞ്ഞുകൃഷ്ണപിള്ള ; ഒരേ ദിവസം തന്നെ അവിദഗ്ധ - വിദഗ്ധ തൊഴിലാളികൾക്കുള്ള രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചതായി മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ. എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 4,150/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. (ഖണ്ഡിക 3-1 കാണുക).
11. പല മസ്റ്റർ റോളുകളിലും സ്കിൽഡ് /സെമിസ്കിൽഡ് തൊഴിലാളികൾ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. (ഉദാ:- വർക്ക് കോഡ് /ഐ.എഫ്. 360221-തണ്ണീർ കുടി കൊടുമൺ തെക്കേക്കര കോളനി റോഡ് കോൺക്രീറ്റ്).
12. ബ്ലാങ്ക് മസ്റ്റർ റോളുകൾ ഫയലുകളിൽ സൂക്ഷിക്കുന്നു - പ്രവൃത്തി - തണ്ണീർ കുടി കൊടുമൺ തെക്കേക്കര കോളനി റോഡ് കോൺക്രീറ്റ്. (ഉദാ: മസ്റ്റർ റോൾ നം 16628 മുതൽ 16632 വരെ / തീയതി- 27.11.22 മുതൽ 06.12.22 വരെ )
13. ഉയർന്ന വരുമാനക്കാരുടെ വസ്തുക്കളിൽ തൊഴിലുറപ്പ് പ്രവൃത്തി നടത്തി – ഉദാ: മണ്ണ് കയ്യാല നിർമ്മാണം - വർക്ക് കോഡ്- 571086 - വാർഡ് 7 – ശ്രീമതി. ഷീല എസ്, സരോവരം, പാണയം. റേഷൻ കാർഡിൽ 25,000/- രൂപ പ്രതിമാസ വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. (രണ്ട് സർവ്വീസ് പെൻഷകാർ ഉൾപ്പെടുന്നു).
14. ഗ്രാമസഭകൾ കൂടി അതിന്റെ പരിധിയിൽ വരുന്ന എല്ലാ പദ്ധതികളുടേയും മേൽനോട്ടം, സാമൂഹിക പരിശോധന, സോഷ്യൽ ഓഡിറ്റ് എന്നിവ നിർവ്വഹിക്കുന്നില്ല.
15. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം. 218/2013/ത.സ്വ.ഭ.വ./10.06.2013 പ്രകാരമാണ് ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറിക്ക് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല നൽകിയത്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നതിൽ അസിസ്റ്റന്റ് സെക്രട്ടറി വീഴ്ച വരുത്തിയിട്ടുണ്ട് (പ്രവൃത്തിയുടെ മേൽനോട്ടം, പ്രവൃത്തിയുടെ അളവ്

പരിശോധന, ബിൽ തയ്യാറാക്കൽ, വിദഗ്ധ തൊഴിലാളികളെ ക്രമീകരിക്കൽ, രേഖകൾ കണക്കുകൾ കൃത്യതയോടെ തയ്യാറാക്കൽ).
16. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോഡിനേറ്റർ എന്നിവരുടെ ചുമതലയിൽപ്പെടുന്ന പ്രവൃത്തികളുടെ പ്രാദേശിക പരിശോധനകൾ പരിമിതമാണ്.
17. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.
18. വൃക്ഷത്തൈ നടീൽ പ്രോജക്റ്റുകൾ - തുടർ പരിപാലന പ്രവൃത്തികൾ നടത്തുന്നില്ല.
19. റോഡ് നിർമ്മാണ പ്രവൃത്തികളുടെ രേഖകളിൽ ആസ്തി സംബന്ധിച്ച സവിശേഷ തിരിച്ചറിയൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.
20. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.
മേൽ അപാകതകൾക്ക് വിശദീകരണം തേടി അസി. സെക്രട്ടറി, അക്രഡിറ്റഡ് എൻജിനീയർ എന്നിവർക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
മേൽ വിഷയത്തിൽ തുടർ പരിശോധന നടത്തേണ്ടത് അനിവാര്യമായതിനാൽ തൊഴിലുറപ്പ് വിഭാഗത്തിന്റെ ജില്ലാ കോഡിനേറ്ററുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവരുന്നു. ഭരണ വകുപ്പ് സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 15/31.07.2023

## 1-28 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.
ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിച്ചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.
മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.
ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുകയോ, കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ സെക്രട്ടറിയും എൽ.എസ്.ജി.ഡി. എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പിലെ വിവരങ്ങളും അന്തിമമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ ജനറൽ കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ അജണ്ട :- 13/28/03/23 തീരുമാനം 1 പ്രകാരം വിവിധ വാർഡുകളിലായി 31 റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. റവന്യൂ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം ഇവ ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ പരിശോധിച്ച് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-29 ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ തൊഴിൽ ചെയ്തതായി രേഖപ്പെടുത്തി തൊഴിലാളിയ്ക്ക് വേതനം അനുവദിച്ചു

ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ തൊഴിൽ ചെയ്തതായി രേഖപ്പെടുത്തി തൊഴിലാളിയ്ക്ക് വേതനം അനുവദിച്ചു.
നിരാകരിയ്ക്കുന്ന തുക - 4,150/- രൂപ

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കിണർ നിർമ്മാണ പ്രവൃത്തിയിൽ (അവിദഗ്ധ-വിദഗ്ധ തൊഴിൽ ആവശ്യമുള്ള പ്രവൃത്തി) ഒരേ തൊഴിലാളി തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചതായി മസ്റ്റർ റോൾ,പെയ്മെന്റ് എഫ്.ടി.ഒ. എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് വേതനവും കൈമാറിയിട്ടുള്ളത്. തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 4,150/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-30 ഇ-ടെണ്ടർ വരവ് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

2020-21 , 2021-22, 2022-23 വർഷങ്ങളിലെ ടെണ്ടർ ഫീസ് ഇനത്തിലെ വരവ് തുകയായ 2,41,285/- രൂപ ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിട്ടുള്ളത്. വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| വർഷം | തുക (രൂപ) |
| --- | --- |

| | |
|---|---|
| 2020-2021 | 56,610/- |
| 2021-2022 | 1,46,700/- |
| 2022-2023 | 37,975/- |
| ആകെ തുക | 2,41,285 /- |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭിച്ചത്.
ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് പ്രസ്തുത തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് രേഖ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 16/31.07.2023.

## 1-31 ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ജി.എസ്.ടി. ഈടാക്കിയില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ. ജി. എസ്. സി /16/ആർ.ഇ.ജി.എസ്. പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ ആണെങ്കിൽ ജി.എസ്.ടി. 2% ഉത്ഭവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2022-23 ൽ നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ്. ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | | കരാറുകാരന്റെ പേര് | സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ വില | ഈടാക്കേണ്ട ജി.എസ്.ടി. റ്റി.ഡി.എസ്. (2%) തുക (രൂപ) |
|---|---|---|---|---|
| 1. | പൂയപ്പള്ളി പഞ്ചായത്ത് സ്റ്റേഡിയം റോഡ് കോൺക്രീറ്റ് | ശ്രീ. അനിൽകുമാർ കെ. ജി. | 3,45,979/- | 6,920/- |
| 2. | മുള്ളുകാട് നെയ്തോട് റോഡ് കോൺക്രീറ്റ് | ശ്രീ. അനിൽകുമാർ കെ. ജി. | 3,59,327/- | 7,187/- |
| 3. | പുന്നക്കോട് യോഗീശ്വരക്കാവ് വലിയകട റോഡ് കോൺക്രീറ്റ് | ശ്രീ. ബൈജു എസ്. | 3,68,231/- | 7,365/- |
| 4. | മുളയക്കോണത്ത് ഇടയില വീട് റോഡ് കോൺക്രീറ്റ് | ശ്രീ. ബൈജു എസ് | 2,87,709/- | 5,755/- |
| 5. | മൈലോട് ലൈബ്രറി ജം. റോഡ് കോൺക്രീറ്റ് | ശ്രീ. ബൈജു എസ് | 3,91,269/- | 7,826/- |
| 6. | മൈലോട് ഗുരുമന്ദിരം റോഡ് കോൺക്രീറ്റ് | ശ്രീ. ബൈജു എസ് | 2,99,300/- | 5,986/- |
| 7. | മീനാക്ഷിമുക്ക് കല്ലുവിള ഭാഗം റോഡ് കോൺക്രീറ്റിംഗ് | ശ്രീ. സലീം കെ. | 3,66,047/- | 7,321/- |
| 8. | കാറ്റാടി പടിഞ്ഞാറ് ട്രാൻസ് ഫോർമർ ജം.ഏണിയൂർ ഏലാ റോഡ് കോൺക്രീറ്റ് | ശ്രീ. സുഗതൻ | 3,28,575/- | 6,572/- |
| 9. | മേക്കോണം പുലിച്ചാൺ റോഡ് കോൺക്രീറ്റ് | ശ്രീ. ബൈജു എസ് | 3,72,961/- | 7,459/- |
| 10. | പാണയം ക്ഷേത്രക്കര റോഡ് കോൺക്രീറ്റ് | ശ്രീ. ബൈജു എസ് | 2,98,497/- | 5,970/- |
| 11. | തണ്ണീർകടി കൊട്ടമൺ തെക്കേക്കര കോളനി റോഡ് കോൺക്രീറ്റ് | ശ്രീ. കെ. സുഗതൻ | 3,71,636/- | 7,433/- |
| | ആകെ | | | 75,794/- |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബില്ല് സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി. തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാരിന് ടാക്സ് ഇനത്തിൽ സംഭവിച്ച നഷ്ടം കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി. വകുപ്പിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയില്ല.

ഓഡിറ്റ് എൻക്വയറി നം – 15/31.07.2023.

## 1-32 ഹരിതകർമസേന - പ്രവർത്തനങ്ങൾ - അവലോകനം

ഹരിതകർമസേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രവർത്തനാവലോകനറിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | ഗ്രാമപഞ്ചായത്തിന്റെ പേര്<br>വാർഡുകളുടെ എണ്ണം | :<br>: | പൂയപ്പള്ളി<br>16 |
| 2. | ഓരോ വാർഡിലെയും കുടുംബങ്ങളുടെ എണ്ണം<br>സ്ഥാപനങ്ങളുടെ എണ്ണം<br>ആകെ ജനസംഖ്യ | : | 7085 വീടുകൾ<br>1096 സ്ഥാപനം<br>24447 |
| 3. | ഹരിതകർമ്മ സേനയിലെ അംഗങ്ങളുടെ എണ്ണം (വാർഡ് തല വിവരം) | : | ഉണ്ട് |
| 4. | വാർഡുകളിലെ എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ ? | : | ഉണ്ട് |
| 5. | കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ ? | : | ഉണ്ട് |
| 6. | ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിച്ച് ക്രമീകരിക്കുകയും ക്ലീൻ കേരളയ്ക്ക് യഥാസമയം കൈമാറുകയും ചെയ്യുന്നുണ്ടോ ?<br>(യഥാസമയം നീക്കം ചെയ്യപ്പെടാതെ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കുക - ഫോട്ടോ ഉൾപ്പെടെയുള്ള തെളിവ് ശേഖരണം നടത്തുക) | : | ഉണ്ട് |
| 7. | MCF കൾ<br>RRF കൾ ഉണ്ടോ? | : | ഉണ്ട്<br>ഇല്ല. കൊട്ടാരക്കര ബ്ലോക്കിൽ ഉണ്ട്. |
| 8. | MCF കളുടെ പ്രവർത്തനം ഫലപ്രദമോ? | : | ഫലപ്രദമായി പ്രവർത്തിക്കുന്നു. |
| 9. | ബെയിലിംഗ്,<br>ഷ്രഡിംഗ് യൂണിറ്റുകൾ<br>പ്രവർത്തിക്കുന്നുണ്ടോ? | : | ബെയിലിംഗ് മെഷീനുകൾ നാൽക്കവല MCFൽ സ്ഥാപിച്ചു. എന്നാൽ ആയതിലേക്ക് വൈദ്യുത കണക്ഷൻ നൽകി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>ഷ്രഡിംഗ് യൂണിറ്റുകൾ ഇല്ല. |
| 10. | ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനത്തിൽ പരിമിതികൾ ഉണ്ടോ?<br>പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ? | : | എല്ലാ കുടുംബങ്ങളും സഹകരിക്കുന്നില്ല.<br>മാസം തോറും റിവ്യൂ മീറ്റിംഗ് നടത്തുന്നു. സുരക്ഷാഉപകരണങ്ങൾ വാങ്ങി നൽകി |
| 11. | ഹരിതകർമ്മ സേനാംഗങ്ങളുടെ മാസ വരുമാനം ? വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നുണ്ടോ ? | : | ഒരാൾക്ക് പ്രതിമാസം ശരാശരി ആറായിരം രൂപ<br>വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുന്നില്ല |
| 12. | ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻകൂട്ടി തയ്യാറാക്കിയ ആധികാരിക കലണ്ടർ പ്രകാരം നടക്കുന്നുണ്ടോ ?<br>മോണിട്ടറിംഗ് സംവിധാനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ നടത്തുക. | : | ഉണ്ട്<br>പ്രതിമാസ യോഗങ്ങൾ ചേർന്ന് അവലോകനം ചെയ്യുന്നു. ഹരിതമിത്രം ആപ്പിൽ അഡ്മിൻ ലോഗിനിൽ കയറി മോണിറ്ററിംഗ് നടന്നു വരുന്നു. |
| 13. | ഹരിതകർമ്മസേനയുടെ വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ ?<br>(Eg: ജൈവ മാലിന്യങ്ങൾ ഉപയുക്തമാക്കി ജൈവവളം ഉല്പാദിപ്പിക്കുന്ന സംരംഭങ്ങൾ) : | : | ഇനോക്കുലം വിതരണം ചെയ്യുന്നു.എല്ലാ വീടുകളിലും ബോധവൽക്കരണം, സഹകരിക്കാത്ത വീടുകൾക്ക് നോട്ടീസ്, പ്ലാസ്റ്റിക് കത്തിച്ചവർക്ക് പിഴ, കൃത്യമായ മോണിറ്ററിംഗ് |
| 14. | ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്താൻ കൈക്കൊണ്ട നടപടികൾ | : | ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് യോഗം 2 തവണ കൂടുകയുണ്ടായി. |
| 15. | നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഉപയോഗം / പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നത് തടയൽ - സ്വീകരിച്ച നടപടികൾ | : | ബോധവൽക്കരണം, അനൗൺസ്മെൻറുകൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിന് എൻഫോഴ്സ്മെൻറ് ടീം രൂപീകരിച്ചിട്ടുണ്ട്., ഹെൽപ്പ് ടെസ്ക് പ്രവർത്തിക്കുന്നു. നിയമലംഘനങ്ങൾ കണ്ടെത്തിയാൽ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 16. | ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കായി പഞ്ചായത്ത് നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ( വാഹനങ്ങൾ, ഡ്രൈവിംഗ് പരിശീലനം, ഓഫീസ് സൗകര്യങ്ങൾ തുടങ്ങിയവ) എന്തൊക്കെ ? | : | വാഹനം വാങ്ങി നൽകി ,ഡ്രൈവിംഗ് പരിശീലനം നൽകി, ഹെൽമറ്റ്, റെയിൻകോട്ട് സുരക്ഷാ ഉപകരണങ്ങൾ , രജിസ്റ്ററുകളും , യുണിഫോം, സ്കൂളുകൾ എന്നിവ വാങ്ങി നൽകി |

ഹരിത കർമ്മസേന പ്രവർത്തന റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 7085 കുടുംബങ്ങളും 1096 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 24447 (2011 കാനേഷുമാരി വിവരങ്ങൾ). ഓരോ വാർഡിലും 2 അംഗങ്ങൾ വീതം ഉള്ള ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 15 മുതൽ 30 വരെയുള്ള തീയതികളിൽ നിശ്ചിത കലണ്ടർ പ്രകാരം, കുപ്പിച്ചില്ലൊഴികെയുള്ള എല്ലാ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് Clean Kerala ഏജൻസിക്കാണ് കൈമാറുന്നത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ(VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീപ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 ൽ 80 പേർക്ക് യൂസർഫീ കൃത്യമായി നൽകാത്തതിന് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യു.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. എല്ലാ വീടുകളിലും മിനി എം.സി.എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, ഗംബൂട്ട്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും പ്രധാന്യത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തി മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം ഒരു ഹെൽപ്ഡെസ്ക് രൂപീകരിച്ച് നൽകി വരുന്നു.

| ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് | | | | |
|---|---|---|---|---|
| 2022-2023 | | | | |
| മാസം | യൂസർ ഫീ | നൽകിയ വേതനം | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg) | കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg) |
| ഏപ്രിൽ | 150110/- | 144925/- | 2005kg | 1298kg |
| മെയ് | 106430/- | 95787/- | 1756kg | 2023kg |
| ജൂൺ | 101330/- | 107671/- | 1814kg | 2235kg |
| ജൂലൈ | 102700/- | 110610/- | 1410kg | 1191kg |
| ആഗസ്റ്റ് | 113200/- | 110733/- | 1810kg | 1204kg |
| സെപ്റ്റംബർ | 105950/- | 105705/- | 4010kg | 2803kg |
| ഒക്ടോബർ | 0 | 54524/- | 5016kg | 3865kg |
| നവംബർ | 125645/- | 127132/- | 3927kg | 2406kg |
| ഡിസംബർ | 115300/- | 123869/- | 5760kg | 3654kg |
| ജനുവരി | 139430/- | 143486/- | 1500kg | 1385kg |
| ഫെബ്രുവരി | 141950/- | 142296/- | 1500kg | 1435kg |
| മാർച്ച് | 153250/- | 163307/- | 4500kg | 4090kg |
| | | | | |

**** നിർദ്ദേശങ്ങൾ ****

1. വ്യാപാരി വ്യവസായികളുംമറ്റും ഉത്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി ഹരിതമിത്രം ആപ്പിൽ വ്യത്യസ്ഥ നിരക്കിൽ യൂസർഫീ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. പഞ്ചായത്തിൽ നിലവിൽ ഒരു ബെയ്‌ലിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത് പ്രവർത്തനസജ്ജമാക്കുന്നതിനൊപ്പം, ഷ്രഡിംഗ് യൂണിറ്റ്, മിനി പേപ്പർ ഷ്രഡിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കാവുന്നതാണ്.
3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.
5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം സംവിധാനങ്ങൾ നടപ്പാക്കാവുന്നതാണ്.

1-33 തനത് വരുമാനം-അവലോകനം

1) വസ്തുനികുതി

2022-23 ൽ വസ്തുനികുതി കളക്ഷൻ 100% ആണ്.

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും

നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്. 01.04.2023 മുതൽ പഴയ നിരക്കിൽ നിന്നും 5% വർദ്ധനവ് വരുത്തി പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നുണ്ടെങ്കിലും, പുതിയ നിരക്ക് അന്തിമമായി അംഗീകരിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ദിനപത്രങ്ങളിലും, നോട്ടീസ് ബോർഡുകളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

2) സേവനഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

(ഖണ്ഡിക 1-23 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

3) തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. (ഖണ്ഡിക 1-12 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

4) വിനോദനികുതി

വിനോദനികുതി ഈടാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചാത്തിൽ നിലവിൽ ഇല്ല.

5) നികുതിയേതര വരവുകൾ

ഗ്രാമപഞ്ചാത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. മുൻവർഷങ്ങളിൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ പലതും തൻവർഷം ലൈസൻസ് എടുത്തിട്ടില്ല. (ഖണ്ഡിക 1-13 ൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

6) വാടക

ഗ്രാമപഞ്ചാത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികളുടെ വാടക, ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വാടകയ്ക്ക് നല്കിയിരികുന്ന 10 ഷെഡ്ഡുകളുടെ വാടക എന്നിവ ഈടാക്കാൻ അവശേഷിക്കുന്നു. (ഖണ്ഡിക 1-20, 1-21 എന്നിവയിൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്).

7) കാലഹരണപ്പെട്ട ആസ്തിയായി പഞ്ചായത്ത് വക സ്റ്റേഡിയം നിലവിൽ ഉണ്ട്. അത് സൗജന്യമായാണ് നിലവിൽ വിട്ടു നല്കുന്നത്. വാടക ഈടാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

## 1-34 ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/23 |
| പ്രോജക്ട് | ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം വാങ്ങൽ |
| നിർവഹണഉദ്യോഗസ്ഥൻ | വി.ഇ.ഒ. |
| ഫണ്ട് | സി.എഫ്.സി. |
| അടങ്കൽ | 5,00,000/-രൂപ |
| ചെലവ് | 4,55,688/-രൂപ |
| ബിൽ നമ്പർ | XVFC/2022-23/P/30/21-12-22 - 4,37,688/-രൂപ<br>XVFC/2022-23/P/83/31-3-23 - 18,000/-രൂപ |

പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയ PIAGGIO Ape-E-XTRA-EXNEPU 11/22 ൽ നിർമ്മിച്ചത് (Three Wheeler Goods Carriage) സെക്രട്ടറിയുടെ പേരിൽ KL 24W 0799നമ്പർ ആയി രജിസ്റ്റർ ചെയ്തു. വാഹനം പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടപ്പോൾ ആക്സിഡന്റ് പറ്റി സർവ്വീസ് സെന്ററിൽ ആണ് എന്നാണ് അറിയിച്ചിത്. 26.12.2022 ൽ രജിസ്റ്റർ ചെയ്ത വാഹനത്തിന്റെ കസ്റ്റോഡിയൻ സെക്രട്ടറി ആണ്. ആയത് ഹരിതകർമ്മസേനയ്ക്ക് കൈമാറിയിട്ടില്ല. 26.05.2023 നാണ് പ്രസ്തുത വാഹനം ഓടിക്കാനായി ശ്രീമതി. സുനിമോൾ ലൈസൻസ് എടുത്തത്. 17.07.2023 തീയതിയിൽ വാഹനം ആക്സിഡന്റ് ആവുകയും ചെയ്തു. എന്നാൽ വാഹനത്തിന്റെ ആക്സിഡന്റ് വിവരങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്തതിന്റെ GD രജിസ്റ്റർ വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. വാഹനം ഓടിക്കാൻ ചുമതലപ്പെട്ട വ്യക്തിക്ക് വാഹനം വാങ്ങിയ സമയത്ത് ലൈസൻസ് ഇല്ലായിരുന്നു. നിലവിൽ ലൈസൻസ് എടുത്തിട്ടുണ്ടെന്നും വാഹനം വർക്ക്ഷോപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹരിതകർമ്മസേനയ്ക്ക് കൈമാറുമെന്നും അറിയിച്ചിട്ടുണ്ട്. ഹാജരാക്കിയ ലോഗ് ബുക്ക് പ്രകാരം വാഹനം 05.05.2023 മുതൽ 13.07.2023 വരെ ആകെ 1385 കി.മീ. ഓടിയിട്ടുണ്ട്. ഈ കാലയളവിൽ വാഹനം ഓടിച്ചത് ആരാണെന്ന് വ്യക്തമല്ല. വണ്ടി റിപ്പയറിംഗിനു വേണ്ടി ഇൻഷുറൻസ് കമ്പനിയുടെ എസ്റ്റിമേറ്റ് വിവരങ്ങളും ലഭ്യമായിട്ടില്ല എന്നാണ് മറുപടിയിൽ അറിയിച്ചത്.

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും വാഹനം അറ്റകുറ്റപ്പണികൾ നടത്തി ഹരിതകർമ്മസേനയ്ക്ക് കൈമാറേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ തൊഴിലുകൾ ചെയ്യുന്നതായി രേഖപ്പെടുത്തി തൊഴിലാളിക്ക് വേതനം അനുവദിച്ചു – നിരാകരിയ്ക്കുന്ന തുക - 4,150/- രൂപ

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കിണർ നിർമ്മാണ പ്രവൃത്തിയിൽ (അവിദഗ്ധ - വിദഗ്ധ തൊഴിൽ ആവശ്യമുള്ള പ്രവൃത്തി ) ഒരേ തൊഴിലാളി തന്നെ ഒരേ ദിവസം രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചതായി മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ. എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവർത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 4,150/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേര് | ഗുണഭോ-ക്താവിന്റെ പേര് | വാർഡ് നമ്പർ | ആളിന്റെ പേര് | തൊഴിൽ കാർഡ് നമ്പർ/ രജി. നമ്പർ | വർക്ക് കോഡ് | റ്റി. എസ്സ്. നമ്പർ | മസ്റ്റർ റോൾ ആരംഭിച്ച തീയതി | മസ്റ്റർ റോൾ അവസാനിച്ച തീയതി | മസ്റ്റർ റോൾ നമ്പർ | SK/SSK/USK (സ്കിൽഡ്/സെമി സ്കിൽഡ്/അൺ-സ്കിൽഡ്) | തുക (₹) | എഫ്.റ്റി.ഒ. നമ്പർ/ തീയതി | അനർഹമായി അനുവദിച്ച തുക (₹) |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കിണർ നിർമ്മാണം | കുഞ്ഞുകൃഷ്ണ പിള്ള | 1 | ശ്രീമതി ശിവ രഞ്ജിനി | KL-13-006-005-002/47812 | 1613006005/ IF/666997 | 77633 | 10/05/2022 | 20/05/2022 | 674 | USK | 3421/- | 6498/ 25/05/22 | |
| | | | | ശ്രീമതി ശിവ രഞ്ജിനി | | | | 10/05/2022 | 20/05/2022 | 675 | SSK | 4150/- | 6862/ 10/02/23 | 4150/- |
| | | | | | | | | | | | | | ആകെ തുക (രൂപ) | 4,150 |

അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് വിദഗ്ധ വേതനമിനത്തിൽ എഫ്.ടി.ഒ. ചെയ്ത 4,150/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥ ശ്രീമതി ജയ, അക്രഡിറ്റഡ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അശ്രദ്ധ മൂലമാണ് ഇത് സംഭവിച്ചതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 15/31.07.2023.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 25-07-2023, 26-07-2023 | കെ.എസ്.എ.കെ.എൽ.എം.പി 6/1433/2023 തീയതി 22.08.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2020000/- | പ്രോജക്ട് നമ്പർ 86 ലൈഫ് ഭവനം – പട്ടികജാതി | 2020000/- | 0 |
| ” | ” | 660000/- | പ്രോജക്ട് നമ്പർ 85 ലൈഫ് ഭവനം – ജനറൽ | 660000/- | 0 |
| ” | ” | 318000/- | പ്രോജക്ട് നമ്പർ 4 അംഗൻവാടി അനുപൂരക പോഷകാഹാരം | 318000/- | 0 |

| | | | | | |
|---|---|---|---|---|---|
| ” | ” | 158000/- | പ്രോജക്റ്റ് നമ്പർ 21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 158000/- | 0 |
| ” | ” | 175674/- | പ്രോജക്റ്റ് നമ്പർ 168 പാലിന് സബ്സിഡി | 175674/- | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2380000/- | പ്രോജക്റ്റ് നമ്പർ 86 ലൈഫ് ഭവനം – പട്ടികജാതി | 2380000/- | 0 |
| ” | ” | 80000/- | പ്രോജക്റ്റ് നമ്പർ 85 ലൈഫ് ഭവനം – ജനറൽ | 80000/- | 0 |
| ” | ” | 43407/- | പ്രോജക്റ്റ് നമ്പർ 4 അംഗൻവാടി അനുപൂരക പോഷകാഹാരം | 43407/- | 0 |
| ” | ” | 85000/- | പ്രോജക്റ്റ് നമ്പർ 21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 85000/- | 0 |
| ” | ” | 299998/- | പ്രോജക്റ്റ് നമ്പർ 168 പാലിന് സബ്സിഡി | 299998/- | 0 |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 001/ 23.08.22<br>303110/ 21.08.22<br>303111/ 22.08.22 | 3,00,000/-<br>76,701/-<br>23,295/- | 3,00,000/-<br>76,701/-<br>23,295/- | 0<br>0<br>0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 47,00,000/-രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 47,00,000/- രൂപയിൽ 47,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 47,00,000/- | 48,08,955/- | 29,83,542/- | - | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 4,150/- | ശ്രീമതി. ജയ എം. എ, MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 4,13,000/- | ശ്രീ. സുരേഷ് കുമാർ വി, സെക്രട്ടറി |
| 1-17 | 21,150/- | ശ്രീ. രാജേഷ് കുമാർ ആർ, സെക്രട്ടറി |
| 1-24 | 11,445/- | ശ്രീ. മനേഷ് എം. എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-26 | 78,540/- | ഡോ. അനുപമ ദേവ് എ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 | 75,794/- | ശ്രീമതി. ജയ എം. എ, MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുരേഷ് കുമാർ. വി, സെക്രട്ടറി | സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | നെല്ലിക്കുന്നത്ത് വീട്, മുഖത്തല പി.ഒ, കൊല്ലം |
| ശ്രീ. രാജേഷ് കുമാർ ആർ, സെക്രട്ടറി | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | രാഘവ ഭവൻ, ഇടയാടി, പൂതക്കുളം പി.ഒ, കൊല്ലം |
| ഡോ. അനുപമ ദേവ് എ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | ഓമന ഭവൻ, PPNRA-46, കരിയിൽ, കഴക്കൂട്ടം |
| ശ്രീമതി ജയ എം. എ, MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ | രാജി വെച്ചു | കൗസ്തുഭം, കേരളപുരം, കൊല്ലം |
| ശ്രീ. മനേഷ്.എം.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് | ഉഷസ്സ്, താഴം, കരിമ്പിൻപുഴ പി.ഒ, പാങ്ങോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(1), തീയതി, 24.03.18 | 6 |
| 1998-99 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(2), തീയതി, 24.03.18 | 5 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(3) തീയതി, 24.03.18 | 3 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(4) തീയതി, 24.03.18 | 5 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(5) തീയതി, 24.03.18 | 4 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(6) തീയതി, 24.03.18 | 9 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(7), തീയതി, 24.03.18 | 14 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(8), തീയതി, 24.03.18 | 7 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം-പി6/372/18(9) തീയതി, 24.03.18 | 2 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി11/808/(1)19തീയതി, 12.06.19 | 11 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി11/808/(2)19തീയതി, 12.06.19 | 13 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി11/808/(3)19തീയതി, 12.06.19 | 9 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി11/808/(4)19തീയതി, 12.06.19 | 9 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി11/808/(5)19തീയതി, 12.06.19 | 5 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത് 2011-12/459/22: 25-8-2022 | 1 |
| 2012-13 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത്2012-13/459/22: 25-8-2022 | 1 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത്2013-14,14-15/459/22: 25-8-2022 | 14 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 6/അദാലത്ത്2015-16/459/22: 25-8-2022 | 6 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി6-1083/2016, തീയതി, 01.01.2018 | 7 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി6/249/19 തീയതി-19-11-19 | 14 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി6/308/2020 തീയതി- 30-01-2021 | 6 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി6/1683/2021 തീയതി- 02.06.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി6/1684/2021 തീയതി- 07.07.2022 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി6/1848/202 തീയതി- 02.12.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-06-2023 and submitted on 30-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pooyappally Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pooyappally Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Kollam
Kerala State Audit Department

### Audit Report appended to the Audit Certificate of Pooyappally Grama Panchayat for the Year 2022-2023.

**1.Major Observations**

Discrepancies/omissions in carrying forward of the closing balance in the year in respect of assets.

Discrepancies/omissions in carrying forward of the closing balance in the year in respect of liabilities.

Non-Disclosure of liability.

**2.Other Observations**

1) The mandatory financial statements prescribed in accounting rules are not submitted for audit.

2) Schedules of the following financial statements are not submitted :-

   1. Cashflow statement - Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
   2. No entry for online receipt.

3) Cheques uncashed for more than 3 months were not transfered to Stale cheque account.

4) Demand register does not match with financial statements.

5) The following registers are not maintained/does not match with accounts/not reliable for audit :-

6) Lapses in making timely and accurate demand entries in respect of tax and non tax revenue.

7) Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

8) Registers are not periodically reconciled with accounts :-

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.